## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1421 03.12.2015 -ൽ മറുപടിക്ക്**

### പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണ നടപടി ഏതു ഘട്ടം വരെയായി; റോഡിന്റെ വികസനത്തിനായി സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്രയൊക്കെ സ്ഥലം വീതമാണ് ഇനി ഏറ്റെടുക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; സ്ഥലം ഏറ്റെടുക്കാൻ വൈകുന്നതിന്റെ കാരണം പറയാമോ; പ്രശ്നം പരിഹരിച്ച് സ്ഥലം ഏറ്റെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും; എന്നു പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ ; | (എ) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗത്ത് നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം പിപിപി വ്യവസ്ഥയിൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇത് രണ്ട് ഘട്ടങ്ങളിലായിട്ടുള്ള ടെണ്ടർ പദ്ധതിയാണ്. ആദ്യത്തെ ഘട്ടത്തിലുള്ള RFQ issue ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആന്വിറ്റി പേയ്മെന്റിനുള്ള അനുവാദം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. റോഡിന്റെ വികസനത്തിന് സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ട 53.29 ഹെക്ടർ ഭൂമിയിൽ 99% നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി വരുന്ന അര ഹെക്ടറിന് മുകളിൽ വരുന്ന സ്ഥലത്തിന്റെ വിവരം താഴെ കൊടുക്കുന്നു. |

**ഏറ്റെടുക്കുവാൻ ബാക്കിയുള്ള സ്ഥല വിവരം**

| ജില്ല | ഗ്രാമം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| കൊല്ലം | പത്തനാപുരം | 0.0073 |
| പത്തനംതിട്ട | കലഞ്ഞൂർ | 0.0090 |
| | കൂടൽ | 0.0280 |
| | കോന്നി | 0.0612 |
| | മൈലപ്ര | 0.2250 |
| | റാന്നി | 0.0232 |
| | പഴവങ്ങാടി | 0.1440 |
| | ചേന്നക്കൽ | 0.0625 |
| കോട്ടയം | ളാലം | 0.0352 |
| ആകെ | | 0.5954 |

**സ്ഥലമെടുപ്പ് വൈകാനുണ്ടായ കാരണങ്ങൾ**

1. റോഡു വികസനത്തിന് ഏറ്റെടുക്കുന്ന സ്ഥലങ്ങളിലധികവും ഉണ്ടു ഭൂമികളാണ്. അവയിൽ ചിലതിന്റെ സർവ്വേ നമ്പരുകൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടി രേഖകളിൽ നിന്ന് വിട്ടു പോയതിനാൽ അവ ഏറ്റെടുക്കാനുള്ള നടപടി വീണ്ടും ആരംഭം മുതൽ തുടങ്ങി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.
2. പഴയ സ്ഥലമെടുപ്പ് നിയമത്തിന്റെ കാലഹരണപ്പെടലും പുതിയത് നടപ്പിലാക്കുന്നതിന്റെ കാലതാമസവും കെ.എസ്സ്.ടി.പി യുടെ സ്ഥലമെടുപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.
3. നേരിട്ട് ഭൂമി വാങ്ങൽ നടപടി വഴി മതിയായ രേഖകൾ ഇല്ലാത്തതും തർക്കമുള്ളതുമായ ഭൂമികൾ ഏറ്റെടുക്കാൻ പറ്റാതെ വന്നിട്ടുണ്ട്.
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ

വിരമിക്കലും, സ്ഥലമാറ്റവും പൊന്നും വില നടപടിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ബാക്കിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി സ്ഥലം ഉടമകളുമായി ചർച്ച നടത്തി മുൻകൂർ കൈവശം എടുക്കുന്നതിനുള്ള അനുമതി രേഖാമൂലം വാങ്ങിയിട്ടുണ്ട്. ജില്ലാകളക്ടറുടെ സമിതി ചർച്ചയിലൂടെ നേരിട്ട് ഭൂമി വാങ്ങുന്ന പ്രക്രിയ തുടർന്നു വരുന്നു. എങ്കിലും പുതിയ സ്ഥലമെടുപ്പ് നിയമ പ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിന് ഒരു വർഷം കൂടി വേണ്ടി വന്നേക്കാമെന്നാണ് കരുതുന്നത്.

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എത്രകോടി രൂപയാണ് ഇതിന് അനുവദിച്ചിട്ടുള്ളത് എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ബി) നിർമ്മാണം 2016 ജനുവരിയിൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. നിർമ്മാണ പ്രവർത്തനത്തിനും 10 വർഷത്തെ പരിപാലനത്തിനും കൂടി ഏകദേശം 746.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ